**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1560** **04.12.2018 ലെ മറുപടിക്ക്**

## <u>കർഷക താല്പര്യം സംരക്ഷിക്കാനുള്ള നടപടികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.പി.ഉണ്ണി | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന നവ ലിബറലിസം എന്ന കമ്പോളാധിപത്യവൽക്കരണം അസംഘടിതമായ കാർഷികമേഖലയിൽ അനിശ്ചിതാവസ്ഥയും വിലത്തകർച്ചയും ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പ്രതിരോധിക്കാൻ മൂല്യവർദ്ധിതോല്പന്ന വ്യവസായങ്ങളെയും പ്രാദേശിക ചന്തകളെയും പ്രോത്സാഹിപ്പിക്കാൻ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) കേന്ദ്രനയം മൂലമുള്ള കാർഷികമേഖലയിലെ അനിശ്ചിതാവസ്ഥയും വിലതകർച്ചയും പ്രതിരോധിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുവരുന്നു.<br>ആഴ്ചയിൽ ഒന്നോ അതിലധികമോ ദിവസം വീതം പ്രവർത്തിക്കുന്ന 400 ഗ്രാമീണ ആഴ്ച ചന്തകൾ, 214 എക്കോ ഷോപ്പുകൾ, 65 ഓർഗാനിക് എക്കോഷോപ്പുകൾ, 37 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ (ബി.എൽ. എഫ്.ഒ) മാർക്കറ്റുകൾ എന്നിവ പ്രവർത്തിച്ച് വരുന്നു.<br>നാളികേരം, പഴം - പച്ചക്കറി, തേൻ എന്നീ മേഖലകളെ പ്രവർത്തന സജ്ജമാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ 5 അഗ്രോപാർക്കുകൾ (നാളികേര അഗ്രോ പാർക്ക് വേങ്ങേരി, കുത്താളി (രണ്ടും കോഴിക്കോട് ജില്ല), ബനാന ഹണി പാർക്ക് (കണ്ണാറഫാം - തൃശ്ശൂർ, മാംഗോ പാർക്ക്(മുതലമട ഫാം - പാലക്കാട്, പച്ചക്കറി അഗ്രോപാർക്ക് - പഴത്തോട്ടം (ഇടുക്കി) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് കെയ്കോയെ എസ്.പി.വി. ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ 2 നാളികേര അഗ്രോ പാർക്കുകളുടെയും , ബനാന — ഹണി അഗ്രോപാർക്കിന്റേയും |

| | |
|---|---|
| | സ്ഥാപനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.യും അവ കിഫ്ബിയിൽ ധനസഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ഇത് കൂടാതെ മൂല്യ വർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പായ്ക്കിംഗ്, IRMA എന്നീ സ്ഥാപനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനം, നീര സംസ്കരണത്തിനുള്ള സഹായം തുടങ്ങിയവയും വിതരണം ചെയ്ത് വരുന്നു.<br>മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി 2016 ഡിസംബർ.1 മുതൽ 5 വരെ വൈഗ.1 ഉം 2017 ഡിസംബർ.27 മുതൽ 31 വരെ വൈഗ.2 ഉം സംരംഭകരെയും കർഷകരെയും കേന്ദ്രസംസ്ഥാന ഗവേഷണ സ്ഥാപനങ്ങളേയും ധനകാര്യ സ്ഥാപനങ്ങളേയും ചില പ്രധാനപ്പെട്ട അന്താരാഷ്ട്ര വിദഗ്ധരെയും വ്യവസായ വകുപ്പിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി സംഘടിപ്പിക്കുകയുണ്ടായി.<br>കേന്ദ്ര നയം മൂലം റബ്ബർ കൃഷിക്കാർക്കുള്ള നഷ്ടം നികത്തുന്നതിനായി വിലസ്ഥിരതാ ഫണ്ട് നൽകി വരുന്നു. നാളീകേരത്തിന്റെ വിലത്തകർച്ച നേരിടുന്ന ഘട്ടത്തിൽ താങ്ങുവില നൽകി നാളീകേര സംഭരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ബാങ്കുകൾ കർഷകർക്ക് വായ്പ അനുവദിക്കാൻ വിമുഖത കാണിക്കുകയോ അല്ലെങ്കിൽ സർഫേസി നിയമക്കുരുക്കിൽപ്പെടുത്തി കിടപ്പാടം ജപ്തി ചെയ്യുകയോ ചെയ്യുന്ന അവസ്ഥയ്ക്ക് അറുതി വരുത്താൻ കൃഷി വകുപ്പ് ഇടപെടൽ നടത്തുമോ; | (ബി) കർഷകർക്ക് കൂടുതൽ ഹ്രസ്വകാല വായ്പ ലഭ്യമാക്കുവാൻ നടപടി എടുക്കണം എന്ന് റിസർവ്വ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെ സർഫേസി ആക്ട് അനുസരിച്ചുള്ള ജപ്തി നടപടികൾ ബാങ്കുകൾ അടിയന്തിരമായി നിർത്തിവയ്ക്കണമെന്നും വായ്പാതിരിച്ചടവുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ ഇടയുള്ള കർഷക ആത്മഹത്യകൾ തടയുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കണമെന്നും കർഷകർക്ക് കൗൺസിലിംഗ് നൽകണമെന്നും ബാങ്ക് മേധാവികളുടെ യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർ വിവിധ ധനകാര്യ |

| | |
|---|---|
| | സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധതരം കാർഷികവായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ആസിയാൻ പോലുള്ള പ്രാദേശിക സ്വതന്ത്ര വ്യാപാര കരാറുകൾ സംസ്ഥാനത്തെ കർഷകരുടെ താല്പര്യം ഹനിക്കുന്ന സാഹചര്യത്തിൽ പുതുതായി ഒപ്പിടാനൊരുങ്ങുന്ന പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (ആർ.സി.ഇ.പി) പ്രശ്നം അതീവ ഗുരുതരമാക്കാനിടയുണ്ടെന്നതിനാൽ കരാറിൽ കക്ഷിയാകാതിരിക്കുകയോ അല്ലെങ്കിൽ രാജ്യത്തെ കർഷക താല്പര്യം സംരക്ഷിക്കാനുള്ള വ്യവസ്ഥകൾ കരാറിൽ ഉൾക്കൊള്ളിക്കുകയോ വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | സി) ആർ.സി.ഇ.പി ഉൾപ്പെടെയുള്ള സ്വതന്ത്രവ്യാപാര കരാറുകളിൽ പങ്കാളിയാകുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായണമെന്നും കർഷകരുടെ സംരക്ഷണം ഉറപ്പ് വരുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി